(സി) ഒരു ഏകീകൃത അപേക്ഷാഫോറം മുഖേനയാണ് വൈദ്യുതിയും ജലവിതരണവും ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

2 (1999) ശ്രീ ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേ ഓഫ് മൂലവും ലോക്കൗട്ട് മൂലവും എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട് ;

(ബി) തൊഴിലാളികളുടെ സമരം മൂലം എത്ര സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായിട്ടുണ്ട് ;

(സി) ഓരോ ഫാക്ടറിയും ഇത്തരത്തിലുള്ള ഏതെങ്കിലും കാരണത്താൽ പ്രവർത്തിക്കാതിരിക്കുന്നുണ്ടെങ്കിൽ അത് എന്നു വർഷം മുതലാണ് ;

(ഡി) ഈ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്ര പേർ നേരിട്ടും എത്ര ആളുകൾ പരോക്ഷമായും ജോലി ചെയ്യുന്നുണ്ട് ;

(ഇ) പ്രസ്തുത ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് 31-3-2000-ത്തിലെ കണക്കനുസരിച്ച് ലേ ഓഫ് മൂലം 12-ഉം ലോക്കൗട്ട് മൂലം 17-ഉം വ്യവസായശാലകൾ പൂട്ടിക്കിടക്കുന്നുണ്ട്.

(ബി) തൊഴിലാളികളുടെ സമരം മൂലം 5 വ്യവസായശാലകൾ പ്രവർത്തനരഹിതമായിട്ടുണ്ട്.

(സി & ഡി) വിശദ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) അടച്ചിട്ട ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി അതാത് ജില്ലകളിലെ അനുരഞ്ജന ഉദ്യോഗസ്ഥരായ ജില്ലാ ലേബർ ഓഫീസറന്മാർ 1947-ലെ വ്യവസായ തർക്ക നിയമമനുസരിച്ച് തൊഴിലാളി പ്രതിനിധികളെയും തൊഴിലുടമ പ്രതിനിധികളെയും അനുരഞ്ജന ചർച്ചയ്ക്കായി വിളിക്കുകയും തർക്കം പരിഹരിച്ചില്ലായെങ്കിൽ മേൽ ഉദ്യോഗസ്ഥരായ റീജിയണൽ ലേബർ കമ്മീഷണറോ, ലേബർ കമ്മീഷണറോ ഇടപെട്ട് അനുരഞ്ജന ചർച്ചകളിലൂടെ തർക്കം പരിഹരിച്ച് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ശ്രമിച്ചു വരുന്നു. തർക്കം പരിഹരിച്ചാൽ 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ 12 (3) വകുപ്പു പ്രകാരം കരാറുകൾ ഉണ്ടാക്കി സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുകയും തർക്കം പരിഹരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ടി നിയമത്തിലെ 10 (1) (സി), (ഡി)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ലേബർ കോടതിയിലൂടെയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ തീരുമാനത്തിനായി അനുരഞ്ജന പരാജയ റിപ്പോർട്ട് സർക്കാർ മുഖേന ലേബർ കമ്മിഷണർ ശുപാർശ ചെയ്തു വരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ (ദല ഓഫ്) പ്രവർത്തനം പുനരാരംഭിക്കുന്നതിനായി ഏകദേശം 13 കോടി രൂപ ചെലവു വരുന്ന ഒരു പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ കമ്പനിയുടെ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ ഇക്വിറ്റിയായി ജൂൺ 2000-ൽ അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ള അടച്ചുപൂട്ടിക്കിടക്കുന്ന 3 സ്ഥാപനങ്ങളിൽ ചാൻസലർ പേപ്പർ മിൽസ് അടച്ചു പൂട്ടുന്നതിന് ഉത്തരവായി. സിവിൽ ഹോമിന്റെ കാര്യത്തിൽ ഒ. റ്റി. എസ്. -ന് നടപടി എടുക്കുന്നു. ട്രിക്കോട്ടു മിൽസിന്റെ കാര്യത്തിൽ ചർച്ചകൾ നടക്കുന്നു.

ലോക്കൗട്ട് ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ

3 (2000) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നൂറിൽകൂടുതൽ തൊഴിലാളികളുള്ള എത്ര വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇപ്പോൾ നൂറിൽ കൂടുതൽ തൊഴിലാളികളുള്ള എത്ര വ്യവസായങ്ങൾ പൂട്ടിക്കിടക്കുന്നു ; അവ ഏതെല്ലാം ;

(സി) ലോക്കൗട്ട് ചെയ്ത വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 100-ൽ കൂടുതൽ തൊഴിലാളികളുള്ള 10 വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ ലോക്കൗട്ടിലാണ്. അവ താഴെപറയുന്നവയാണ്:

1. ടെസിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർലി- കോട്ടയം.
2. ട്രിക്കോട്ട് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ.
3. തിരുവേപ്പതി മിൽസ് ലിമിറ്റഡ്, കണ്ണൂർ.
4. വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി, കോഴിക്കോട്.
5. ലക്ഷ്മി സ്റ്റാർച്ച്, കൊല്ലം.
6. പുനലൂർ പേപ്പർ മിൽസ്, കൊല്ലം.

LIBRARY ARCHIVES Kerala Legislative Assembly